IT

LHB 04
20-02-14

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2958 .

28.1.2014 -ൽ
മറുപടിയ്ക്ക്

ഉന്നത വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി.

| ചോദ്യം<br>ശ്രീ.എം.ഹംസ. | മറുപടി<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഉന്നത വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ; | (എ) ഉന്നത വിദ്യാഭ്യാസ വികസനത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ അധിക കഴിവ് സ്വായത്തമാക്കൽ, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, ഫ്ലെയർ, പൊതു പ്രവേശന പരീക്ഷാ പദ്ധതി എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഉദ്ഗ്രഥനം ലക്ഷ്യമിട്ട് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ Higher Education 2.0 – Illumine the future എന്ന പേരിൽ പദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം കോളേജുകൾക്കാണ് " അക്കാഡമിക് സ്വയംഭരണാവകാശം" നൽകാൻ തീരുമാനിച്ചിട്ടുള്ളത് ;ഏതെല്ലാം പഠനങ്ങൾക്കനുസൃതമായാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടത് ; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ ; | (ബി) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, മഹാരാജാസ് കോളേജ് , എറണാകുളം എന്നീ സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളുടെ പേര് |

ചുവടെ ചേർക്കുന്നു.

1.മാർ ഇവാനിയോസ് കോളേജ്,തിരുവനന്തപുരം.

2.ഫാത്തിമ മാതാ നാഷണൽ കോളേജ്,കൊല്ലം.

3.സെന്റ് ബെർക്ക്മാൻസ് കോളേജ്,ചങ്ങനാശ്ശേരി

4.സെന്റ് തെരേസാസ് കോളേജ്, എറണാകുളം

5.സേക്രട്ട് ഹാർട്ട് കോളേജ്,തേവര, എറണാകുളം.

6.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,എറണാകുളം.

7.ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കട.

8.സെന്റ് തോമസ് കോളേജ്,തൃശ്ശൂർ.

9.എം.ഇ.എസ് കോളേജ്, മാമ്പാട്.

10.ഫറോക്ക് കോളേജ്, കോഴിക്കോട്.

11.സെന്റ് ജോസഫസ് കോളേജ്,ദേവഗിരി,കോഴിക്കോട്.

യൂ.ജി.സിയുടെ മാർഗ്ഗ നിർദ്ദേശങ്ങളോടൊപ്പം സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊഫ.എൻ.ആർ.മാധവ മേനോൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെയും അടിസ്ഥാനത്തിലാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള തീരുമാനം സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) ഏതെല്ലാം"അക്കാഡമിക് സ്വയംഭരണാവകാശം" ലഭ്യമായ കോളേജുകളുടെ മേൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് എന്തെല്ലാം അധികാരങ്ങൾ ആണ് ഉണ്ടാവുക ;വിശദാംശം ലഭ്യമാക്കാമോ ?

(സി) സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം സ്വയംഭരണ കോളേജുകളുകളിലെ ഗവേണിംഗ് കൗൺസിൽ സമർപ്പിക്കുന്ന കോഴ്സുകൾ സംബന്ധിച്ച ശുപാർശകളിന്മേൽ അന്തിമ തീരുമാനം സ്വീകരിക്കുന്നത് സർവകലാശാലകളായിരിക്കും. സർവകലാശാല നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ കോഴ്സുകൾ നിരസിക്കുന്നതിന് സർവകലാശാലകൾക്ക് അധികാരം നൽകിയിട്ടുണ്ട്. യു.ജി.സി അനുവദിക്കുന്ന സ്വയംഭരണ പദവി കോളേജുകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി സർവകലാശാല സിൻഡിക്കേറ്റിനോ അല്ലെങ്കിൽ സിൻഡിക്കേറ്റ് രൂപീകരിക്കുന്ന വിദഗ്ധ സമിതിയ്ക്കോ കോളേജിൽ പരിശോധന നടത്തുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. കൂടാതെ, സ്വയംഭരണ കോളേജുകളിലെ ഫീസ് ഘടന, പരീക്ഷാ നടത്തിപ്പ്, വിദ്യാഭ്യാസ നിലവാര തകർച്ച എന്നിവയെ കുറിച്ചോ മറ്റേതെങ്കിലും തരത്തിലോ ഉള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ ആയതിനെക്കുറിച്ച് അന്വേഷണം നടത്തി സ്വയംഭരണ അംഗീകാര സമിതിയെ അറിയിക്കുന്നതിനുള്ള അധികാരവും സർവകലാശാലകൾക്കുണ്ടായിരിക്കും.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ.